


# ST. THRESIAS LPS THOONGANPARA

# ACADEMIC MASTER PLAN

# 2025-2026

# സ്കൂൾ ഫാക്കൽറ്റി

- Dr. K.P. അലക്സ് ബോസ്കോ – ഹെഡ്മാസ്റ്റർ
- Fr. ജോസഫ് അനിൽ – കോർപ്പറേറ്റ് മാനേജർ
- ശ്രീ. വിനോദ് – PTA പ്രസിഡന്റ്
- Fr. ജോയി മത്യാസ് – സ്കൂൾ മാനേജർ
- ശ്രീമതി ജയപ്രഭ. J – അധ്യാപിക
- ശ്രീമതി കരുണ J.R – അധ്യാപിക.
- ശ്രീമതി ജിനിക്രിസ്റ്റഫർ. എ – അധ്യാപിക.
- ശ്രീമതി ആശ ഷൈബേറ്റ്.E.A – അധ്യാപിക.

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് സെന്റ് ജോസഫ്സ് എൽ. പി. എസ് ഞണ്ടാം പാറ. പൊതു സമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നു കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ

ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

| | |
|---|---|
| പി.ടി.എ. പ്രസിഡന്റ് | ഹെഡ്മാസ്റ്റർ |
| വിനോദ് | Dr.K.P. അലക്സ്ബോസ്കോ |

# വിദ്യാലയ ചരിത്രം

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ചെട്ടിക്കോണം വാർഡിൽ കുണ്ടാംപാറ സെന്റ് ത്രേസ്യാസ് എൽ. പി. എസ്. സ്ഥിതി ചെയ്യുന്നു. ഈ സ്കൂൾ 1925ൽ സ്ഥാപിതമായി. ആരംഭകാലത്ത് രണ്ടാം ക്ലാസ് വരെയാണ് ഉണ്ടായിരുന്നത്. യൂറോപ്യൻ മിഷണറിയായ റവ. ഫാ. ഇൻഡാഫോൺസ് ഒ. സി. ഡി. ആയിരുന്നു സ്കൂളിനു നേതൃത്വം നൽകിയത്. തുടർന്ന് ഫാദർ ജറാൾഡിന്റെ ശ്രമഫലമായി അഞ്ചാം ക്ലാസ് വരെ ആരംഭിച്ചു. 1961-ൽ ഫാദർ അദേയോദാത്തൂസിന്റെ കാലത്ത് സ്കൂളിനാവശ്യമായ വസ്തു വിലയ്ക്കു വാങ്ങി. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഈ കാലയളവിൽ ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ 3 ഡിവിഷൻ വീതം ഉണ്ടായിരുന്ന സ്കൂളിൽ ഏകദേശം 500 വിദ്യാർത്ഥികൾ പഠിച്ചിരുന്നു.

ആദ്യ പ്രധമാധ്യാപകൻ ഡേവിഡും ആദ്യ വിദ്യാർത്ഥി മാധവൻ നായരുമാണ്. 1979-ൽ ആണ് ഓലമേഞ്ഞ സ്കൂൾ കെട്ടിടം ഓടിട്ടത്. അമേരിക്കയിൽ പ്രൊഫസർ ആയ R.Y. രേഖ, അമേരിക്കയിൽ ശാസ്ത്രജ്ഞനായ ശ്രീ. മുരളീധരൻ നായർ തുടങ്ങിയ പ്രശസ്തർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ഇപ്പോൾ ഓരോ ഡിവിഷൻ വീതം ആകെ 107 കുട്ടികളാണ് ഉള്ളത്. മലയാളം മീഡിയത്തിലും ഇംഗ്ലീഷ് മീഡിയത്തിലും ക്ലാസ് നടന്നു വരുന്നു. ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ Dr. K. P. അലക്സ് ബോസ്കോ സാറാണ്. എച്ച്. എം. ഉൾപ്പെടെ 5 അധ്യാപകർ ഉണ്ട്. ഇപ്പോഴത്തെ സ്കൂൾ മാനേജർ റവ. ഫാ. ജോയി മത്യാസ് ആണ്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനങ്ങളിൽ നിന്നും വരുന്നവരാണ് എല്ലാ കുട്ടികളും. എങ്കിലും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികവു പുലർത്തി വരുന്നു. അൺ എയ്ഡഡ് സ്കൂളുകളുടെ നുഴഞ്ഞു കയറ്റം നമ്മുടെ സ്കൂളിനെ സാരമായി ബാധിച്ചിട്ടുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : St. ത്രേസ്യാസ് എൽ.പി. എസ്. തൂങ്ങാംപാറ

മേൽവിലാസം : തൂങ്ങാംപാറ
കാട്ടാക്കട. P.O

ഫോൺ : 0471-2295785

വിദ്യാഭ്യാസ ഉപജില്ല : കാട്ടാക്കട

വിദ്യാഭ്യാസ ജില്ല : തിരുവനന്തപുരം

ബി. ആർ. സി : കാട്ടാക്കട

സി. ആർ. സി : പി.എസ്.എം എൽ.പി എസ് കാട്ടാക്കട

ഗ്രാമപഞ്ചായത്ത് : കാട്ടാക്കട

ബ്ലോക്ക് പഞ്ചായത്ത് : വെള്ളനാട്

ജില്ലാ പഞ്ചായത്ത് : തിരുവനന്തപുരം

നിയമസഭാ മണ്ഡലം : കാട്ടാക്കട

ലോക സഭാ മണ്ഡലം : ആറ്റിങ്ങൽ

താലൂക്ക് : കാട്ടാക്കട

വില്ലേജ് : കുളത്തുമ്മൽ

ഇ-മെയിൽ വിലാസം : lpsthoonganpara@gmail.com

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മ രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

- ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്രനോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജന-പ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
- ശാസ്ത്ര രംഗത്തെ നൂതനാശങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിൽ പ്രയോജന-പ്പെടുത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക.
- സമൂഹത്തിന് മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

# ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി, പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

# കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

# ആരോഗ്യകായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭ-മാക്കുക.

മേഖല : അക്കാദമികം ക്ലാസ് – 1, 2, 3, 4, 5 ഉപമേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "പുസ്തകം എന്റെ ചങ്ങാതി" കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം രണ്ട് പുസ്തകങ്ങൾ | ക്ലാസ് ടീച്ചർ | |
| "എന്റെ പിറന്നാൾ പുസ്തകം." മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം   ക്ലാസ് 1, 2, 3, 4, 5   ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "ഉച്ച ഭാഷിണി വായന" അർഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ച ഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| "അക്ഷരക്കൂട്ടം" മികച്ച വായനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | |
| "സ്കൂൾ ലൈബ്രറി" മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച ലൈബ്രറി സജ്ജമാക്കൽ, സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | |

മേഖല : അക്കാദമികം ക്ലാസ് 1, 2, 3, 4, 5 ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ" ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |
| "ക്ലാസ് തല പതിപ്പുകൾ ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം          ക്ലാസ് : 1, 2, 3, 4, 5          ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| "എന്റെ വായനാ കുറിപ്പുകൾ" എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക. | • വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാ കാർഡ്) • വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| "കയ്യെഴുത്തു മാസികകൾ, പ്രിന്റഡ് മാഗസിൻ" കുട്ടികൾക്ക് സർഗ്ഗാത്മകരചനകൾ കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർ ചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യാരംഗം ഭാഷാ ക്ലബ്ബ് പരസ്യം വഴി ഫണ്ടിംഗ് | |

മേഖല: അക്കാദമികം ക്ലാസ്: 1,2,3,4,5 ഉപമേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "രചനോത്സവം" ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | |
| "സർഗ്ഗവേള" എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച്വരെ | ക്ലാസ് ടീച്ചർ | |
| "ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക." ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ, ജൂലൈ | PTA ക്ലാസ് ടീച്ചർ | |

Region : Academic | Class : 1,2,3,4,5 | Sub-region : English

| Aim | Activities | Duration | Responsibility | Expense |
|---|---|---|---|---|
| To speak, Read and write English without any mistakes. | To check the vocabulary and writing skills of pupils. | June to March | Class Teacher | |
| To develop listening skills | Games, Action songs.<br>• Hello English Activities<br>• Conversations.<br>• Skit stories<br>• Use ICT | June to August | Class Teacher | |
| To develop speaking skills. | • Identify the action words from the picture<br>• Make the simple sentences using the word about picture.<br>• Make simple description about the picture | September & October | Class Teacher | |

Region : Academic     Class: 1,2,3,4,5     Sub-region : English

| Aim | Activities | Duration | Responsibility | Expense |
|---|---|---|---|---|
| To develop reading skills. | • Books reading<br>• Find words.<br>• Collect and read past tense<br>• Rhyming words.<br>• TB activities. | June to March | Teacher | |
| To develop writing skills. | • Diary<br>• Descriptions<br>• Thoughts<br>• Announcements<br>• Make wordweb<br>• Make words and sentences<br>• Make riddles<br>• Conversations.<br>• Add more lines | June to March | English Teacher | |

Region : Academic Class : 1,2,3,4,5 Sub-region : English

| Aim | Activities | Duration | Responsibility | Expense |
|---|---|---|---|---|
| Giving opportunities for expressions in English. | One day a week the children themselves present the entire program in English in the assembly | One day a week | English club | |
| Provide opportunities for expressions in English | Prepare a bullet in English on any topic every month | Every month | Class Teacher | |
| Enable children to express themselves in English | Making English reading cards with parents. | June-July | English club | |

മേഖല : അക്കാദമികം ക്ലാസ്: 1,2,3,4,5 ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "ഗണിത വർക്ക്ഷീറ്റ് ശില്പശാല" പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | |
| "യൂണിറ്റ് വിലയിരുത്തൽ" ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം    ക്ലാസ്: 1,2,3,4,5    ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "ഗണിത ലാബ് (ഗണിതം മധുരം) അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെടുകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | വർഷം മുഴുവൻ | സ്കൂൾ മാനേജ്മെന്റ് | |
| "ഗണിത മൂല" അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |
| "ഗണിത ക്ലാസ് പി.ടി.എ ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ H.W, പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം ക്ലാസ് : 1,2,3,4,5 ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "ഗണിതം മധുരം" അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ക്വിസുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം    ക്ലാസ് : 1,2,3,4    ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "ശാസ്ത്ര പഠനോപകരണ ശില്പശാല" ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിലും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, ക്യാമ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |
| "എന്റെ പരീക്ഷണം" ശാസ്ത്ര പഠനതാൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം     ക്ലാസ് :1,2,3,4     ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "പരീക്ഷണക്കിറ്റ്" ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം    ക്ലാസ് : 5    ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധി-ക്കൽ, നേടിയെടുക്കൽ | • അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളി-കകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | • ഓർമച്ചെപ്പ് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവി-ധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

മേഖല : അക്കാദമികം     ക്ലാസ് : 5     ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക്: മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ PTA | |

മേഖല: അക്കാദമികം | ക്ലാസ്: 5 | ഉപമേഖല: അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | പി.ടി.എ |
| | • "പരീക്ഷണക്കളരി" നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |

മേഖല: അക്കാദമികം    ക്ലാസ്: 5    ഉപമേഖല: അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാ[illegible] ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സസ്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

മേഖല : അക്കാദമികം ക്ലാസ് : 1,2,3,4,5 ഉപമേഖല സാമൂഹികാവബോധം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "അതിഥിയെ അറിയൽ" ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |
| "പ്രാദേശിക അറിവ്" നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |
| "ഫീൽഡ് ട്രിപ്പ്" സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത് വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം | ക്ലാസ് : 1,2,3,4,5 | ഉപമേഖല : വിവര സാങ്കേതികവിദ്യ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "വിവര സാങ്കേതിക വിദ്യയിൽ പരിശീലനം" വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ (സർഗ്ഗ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |
| "IT ലാബ്" കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

മേഖല : അക്കാദമികം ക്ലാസ്: 1,2,3,4,5 ഉപമേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "പ്രവൃത്തി പരിചയ ശില്പശാല" നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം വെജിറ്റബിൾ പ്രിന്റിംഗ്, കുട, പേപ്പർ കൊണ്ടുള്ള വസ്തുകൾ etc | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| "പേപ്പർ ബാഗ് നിർമ്മാണം" നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ – മാർച്ച് | SSG | |
| "ഒറിഗാമി" ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ, പാഠ ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | |

മേഖല : അക്കാദമികം    ക്ലാസ് : 1,2,3,4,5    ഉപമേഖല : സർഗവേദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "സർഗ്ഗവേദി" "ടാലന്റ് ലാബുകൾ" ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്നതരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG<br>PTA | |
| "പ്രകടന വേദികൾ" ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവയ്ക്കൽ | ജൂൺ – മാർച്ച് | SRG<br>CT | |
| "സർഗവേദി" കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ വേദി നടത്തൽ<br>നേതൃത്വം : വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT<br>SRG | |

മേഖല : അക്കാദമികം　　ക്ലാസ്: 1,2,3,4,5　　ഉപമേഖല : ആരോഗ്യ-കായിക-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| "കായികാരോഗ്യം" മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സ്പോർട്സ് പരിശീലനം | ജൂൺ-മാർച്ച് | HM<br>SRG<br>PTA | |
| "ഹെൽത്ത് ചെക്ക് അപ്പ്" എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ-സെപ്റ്റംബർ | PTA | |

മേഖല: അക്കാദമികം ക്ലാസ്: 1,2,3,4,5 ഉപമേഖല: ആരോഗ്യ- കായിക- വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| "കായിക വിദ്യാഭ്യാസം- അധ്യാപക ശിൽപശാല" ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | PT പിരീഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, സുമ്പ ഡാൻസ്, എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ-മാർച്ച് | SRG. | |

